# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2491

13.02.2013ൽ മറുപടിക്ക്.

### കുറ്റ്യാടി നാളികേര പാർക്കിൽ തുടങ്ങുന്ന വ്യവസായങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി കെ.കെ.ലതിക | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| എ) കുറ്റ്യാടി നാളികേര പാർക്കിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് മുന്നോടിയായി കോഴിക്കോട് വെച്ച് സംരംഭകരുടെ യോഗം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | കുറ്റ്യാടി നാളികേര പാർക്കിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് മുന്നോടിയായി കോഴിക്കോട് വെച്ച് 2013 ജനുവരി 11 -ാം തീയതി സംരംഭകരുടെ യോഗം നടത്തിയിട്ടുണ്ട്. ഇതിൽ ഏകദേശം 200 ഓളം വ്യവസായ സംരംഭകർ പങ്കെടുക്കുകയുണ്ടായി. |
| (ബി) പ്രസ്തുത പാർക്കിൽ വ്യവസായം തുടങ്ങുന്നതിന് എത്ര സംരംഭകർ മുന്നോട്ട് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | നാളികേര പാർക്കിൽ അടിസ്ഥാനസൗകര്യ വികസനപ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. പാർക്കിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ടി ധാരാളം അന്വേഷണങ്ങൾ ലഭിക്കുന്നുണ്ട്. അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കി പാർക്ക് വ്യവസായങ്ങൾക്ക് തുറന്നു കൊടുക്കുമ്പോൾ മാത്രമേ സംരംഭകരുടെ യഥാർത്ഥ ചിത്രം ലഭ്യമാവുകയുള്ളൂ. |
| (സി) ടി സംരംഭകർക്ക് സർക്കാരിൽ നിന്നും എന്തെല്ലാം സഹായങ്ങളണ് നൽകുക എന്ന് വ്യക്തമാക്കുമോ? | (സി) | സംരംഭകർക്ക് പരിശീലനം, ടെക്നോളജി സപ്പോർട്ട്, സബ്സിഡി, അസംസ്കൃത വസ്തുക്കൾ എന്നിവ ലഭ്യമാക്കുന്നതിനു വേണ്ടി നാളികേര വികസന ബോർഡ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ